LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ആർ. ടി. സി.-യുടെ നവീകരണം

280 (2024) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നവീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഡിപ്പോകൾ കേന്ദ്രീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്ന തുൾപ്പെടെയുള്ള പുതിയ വരുമാന വർദ്ധന പദ്ധതികൾ നടപ്പിലാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരെ വർഷംതോറും പി.എസ്.സി. വഴി നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) കൂടുതൽ ബസ്സുകളും സർവ്വീസുകളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) കൂടുതൽ ലോഫ്ലോർ ബസ്സുകൾ നിരത്തിലിറക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യുടെ നവീകരണത്തിനായി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1	കേരളത്തിലെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ. എസ്. ആർ. ടി. സി.-ക്ക് മാത്രമായി നിജപ്പെടുത്തുകയുണ്ടായി. അതിൻപ്രകാരം കെ. എസ്. ആർ. ടി. സി. ഇതിനകം 185 സ്വകാര്യ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്.
2	അന്തർ സംസ്ഥാന റൂട്ടുകളിലെ യാത്രാ ക്ലേശം ഒഴിവാക്കുന്നതിനായി കർണ്ണാടകയിൽ 12,294 കി.മീ. ദൂരം സർവ്വീസ് നടത്തുന്നതിന് ആ സംസ്ഥാനവുമായി ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാറിന്റെ ചർച്ചകൾ അവസാന ഘട്ടത്തിലാണ്.
3	കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്ന ലക്ഷ്യമിട്ട് ഓൺലൈൻ റിസർവ്വേഷൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്.
4	പുതിയ റൂട്ടുകളിലേയ്ക്ക് ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

5	സംസ്ഥാനത്തിന് പുറത്തേയ്ക്ക് മൾട്ടി ആക്സിൽ സർവ്വീസുകൾ നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.
6	വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഇൻസെന്റീവ് സ്കീം നടപ്പിൽവരുത്തി.
7	ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിച്ചിരുന്ന പഴയ ബസുകൾ മാറ്റി 10 വോൾവോ, 50 പുതിയ ഡീലക്സ് ബസ് എന്നിവ നിരത്തിലിറക്കി.
8	ബംഗളൂരുവിൽ കെ. എസ്. ആർ. ടി. സി.-യുടെ ഒരു എ. റ്റി. ഒ. ഓഫീസ് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.
9	1,500 ചേസിസുകൾക്ക് പർച്ചേസ് ഓർഡർ നൽകുകയും ആയതിൽ ലഭ്യമായ 878 ഷാസികളിൽ 720 എണ്ണം ബോഡി നിർമ്മാണം പൂർത്തീകരിച്ച് നിരത്തിലിറക്കുകയും ചെയ്തു.
10	സി. എൻ. ജി. ഉപയോഗിച്ചുള്ള ബസുകൾ, ഇലക്ട്രിക് ബസുകൾ, ഹൈബ്രിഡ് ബസുകൾ എന്നിവ ഓടിക്കുന്നത് സംബന്ധിച്ച സാധ്യതകൾ പരിശോധിച്ചുവരുന്നു.

(ബി) ഇത്തരം പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പാക്കിവരികയാണ്. അതിൻ പ്രകാരം ഇതുവരെ B.O.T. അടിസ്ഥാനത്തിൽ തിരുവനന്തപുരം, അങ്കമാലി, കോഴിക്കോട്, തിരുവല്ല എന്നിവിടങ്ങളിലും അല്ലാതെ Interest Free Deposit സ്വീകരിച്ച് കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട്, പയ്യന്നൂർ, എന്നിവിടങ്ങളിലും പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. നിലമ്പൂർ, മൂവാറ്റുപുഴ, തൊടുപുഴ, ഹരിപ്പാട്, പത്തനംതിട്ട എന്നിവിടങ്ങളിൽ പണി പുരോഗതിയിലുമാണ്. മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ പണി ഉടനെ ആരംഭിക്കും.

(സി) കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. മുഖേന ജീവനക്കാരുടെ നിയമനം നടത്തിവരുന്നു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 391 ജൻറം ബസുകൾ (ആദ്യ ഘട്ടത്തിൽ 108-ഉം രണ്ടാം ഘട്ടത്തിൽ 283-ഉം) ഉൾപ്പെടെ 2151 ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്. 117 നോൺ എ.സി. സെമി ലോ ഫ്ളോർ ജൻറം ബസുകളും എയർ സസ്പെൻഷനോടുകൂടിയ 150 സൂപ്പർ ക്ലാസ് ബസുകളും ഉൾപ്പെടെ 897 ബസുകൾ കൂടി നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 18 അത്യാധുനിക മൾട്ടി ആക്സിൽ ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജൻറം രണ്ടാം ഘട്ടത്തിൽ 400 (110 എ.സി. + 290 നോൺ എ.സി.) ബസുകൾക്ക് അനുമതി നൽകിയതിൽ ഇതുവരെ 283 ബസുകൾ ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 117 (നോൺ എ.സി.) ബസുകൾ കൂടി വാങ്ങി നിരത്തിലിറക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി.

281 (2025) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികളുടെ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

കെ. എസ്. ആർ. ടി. സി.-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് പുനരുദ്ധരിച്ച് ലാഭത്തിലേയ്ക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1	2015 ഏപ്രിൽ മാസം മുതൽ കെ. എസ്. ആർ. ടി. സി.-യിലെ പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേയ്ക്ക് പ്രതിമാസം കെ. എസ്. ആർ. ടി. സി. നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിച്ചു വരുന്നു. ഇപ്രകാരം 2015 ഏപ്രിൽ മാസം മുതലുള്ള പെൻഷൻ തുക കൃത്യമായി വിതരണം ചെയ്തുവരികയാണ്. പെൻഷൻ ഫണ്ട് രൂപീകരിച്ചതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് പെൻഷൻ ചെലവിനത്തിൽ 20 കോടി രൂപ ലാഭിക്കാൻ കഴിയുകയുണ്ടായി.
2	കെ. റ്റി. ഡി. എഫ്. സി.-യിൽ നിന്നും ഉയർന്ന പലിശ നിരക്കിലും, കുറഞ്ഞ കാലാവധിയിലും എടുത്തിരുന്ന 1,300 കോടി രൂപയുടെ വായ്പ വിവിധ വാണിജ്യ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് ടി ബാങ്കുകളിലേയ്ക്ക് മാറ്റുകമൂലം പ്രതിമാസം 30 കോടി രൂപയുടെ കുറവ് വായ്പ തിരിച്ചടവിൽ ഉണ്ടായിട്ടുണ്ട്. ഇതുമൂലം പ്രതിവർഷം 32.5 കോടി രൂപ പലിശയിനത്തിലും, ടി വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകാത്തതുമൂലം

LIBRARY ARCHIVES Kerala Legislative Assembly